**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 581 28.03.2018- ൽ മറുപടിയ്ക്ക്

## കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസ് തുക

ചോദ്യം

ശ്രീ.വി.ഡി.സതീശൻ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ
ശ്രീ.പി.ടി.തോമസ്.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാർ നടപ്പിലാക്കിയ ശ്രുതി തരംഗം പദ്ധതിയുടെ ഭാഗമായി കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയ കുട്ടികളുടെ മെയിന്റനൻസ് തുക മുടങ്ങിയത് കാരണം അവർ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>2012-ൽ **ശ്രുതിതരംഗം** പദ്ധതി ആരംഭിച്ചപ്പോൾ കുട്ടികളുടെ രക്ഷകർത്താക്കളുമായി ഉണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം, സ്പീച്ച് പ്രോസസറിന്റെ പരമാവധി വാറണ്ടിയായ 4 വർഷത്തിനു ശേഷമുള്ള എന്ത് മെയിന്റനൻസ് ചെലവുകളും രക്ഷകർത്താക്കൾ സ്വന്തം ചെലവിൽ വഹിക്കണമെന്നാണ് ധാരണയുണ്ടാക്കിയിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാറണ്ടി പിരീഡ് കഴിഞ്ഞ ഉപകരണങ്ങൾ മൂലമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ ബോധ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത ഉപകരണങ്ങൾക്ക് എക്സ്റ്റൻഡഡ് വാറണ്ടി നൽകുകയുണ്ടായി. അതനുസരിച്ച് അതാത് കമ്പനികൾക്ക് എക്സ്റ്റൻഡഡ് വാറണ്ടി നൽകുന്നതിനായി തുക കൈമാറുകയും ചെയ്തിട്ടുണ്ട്.<br>നിലവിലെ ടെന്റർ നടപടികളിൽ സ്പീച്ച് പ്രോസസറിന് 5 വർഷം വരെ എക്സ്റ്റൻഡഡ് വാറണ്ടി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ കുട്ടികൾക്ക് ആകെ 9 വർഷത്തോളം വാറണ്ടി ലഭിക്കുന്നതാണ്. |
| (ബി) | ഈ കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസ് തുക സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് 2000-ത്തോളം കുട്ടികൾ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതായി കണക്കാക്കപ്പെടുന്നുണ്ട്. ഇതിൽ 800-ലധികം കുട്ടികൾക്ക് ശ്രുതി തരംഗം പദ്ധതിയിലൂടെയാണ് ശസ്ത്രക്രിയ നടത്തി നൽകിയത്. ബാക്കി വരുന്ന 1200-ഓളം കുട്ടികൾ ശസ്ത്രക്രിയ നടത്തിയതിനുശേഷം നിലവിൽ ഉപയോഗിച്ചു വരുന്ന പ്രോസസറിന്റെ മെയിന്റനൻസും സർവ്വീസും നിർത്തലാക്കിയതിനാൽ ദുരിതമനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ കുട്ടികൾക്ക് സ്പീച്ച് പ്രോസസർ സൗജന്യമായി അപ്ഗ്രേഡ് ചെയ്തു നൽകുന്നതിനായി **'ധ്വനി'** എന്ന പദ്ധതി ആവിഷ്കരിച്ച് സർക്കാർ ഉത്തരവാകുകയും ഇതിന്റെ ഗുണഭോക്താക്കളായ 55-ഓളം കുട്ടികൾക്ക് അപ്ഗ്രഡേഷൻ നടത്തി നൽകുകയും ചെയ്തിട്ടുണ്ട്.<br>ശ്രുതിതരംഗം പദ്ധതിയിലൂടെയും അല്ലാതെയും കോക്ലിയാർ ഇംപ്ലാന്റ് പൂർത്തീകരിച്ച നിരവധി കുട്ടികൾ ഉണ്ട്. ഇവർക്ക് സഹായമാകുന്നതിനായി പുതിയ ഒരു ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ആലോചിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**